**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 477** **16-03-2023 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. വഴിയുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള കാലയളവിൽ പി.എസ്.സി. വഴി നൽകിയ നിയമനം ഇക്കാലയളവിൽ കേന്ദ്ര റിക്രൂട്ടിംഗ് ഏജൻസിയായ യു.പി.എസ്.സി. രാജ്യത്താകെ നൽകിയ നിയമനത്തേക്കാൾ കൂടുതലാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സർക്കാർ സർവ്വീസിൽ ഏറ്റവും കൂടുതൽ നിയമനങ്ങൾ സുതാര്യമായ നടപടിക്രമങ്ങളിലൂടെ നടത്തുന്നതിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ രാജ്യത്തിന് മാതൃകയാണ്. 2016 മെയ് മുതൽ 2023 ജനുവരി വരെ 2,03,000 പേർക്ക് നിയമന ശിപാർശ നൽകാൻ കഴിഞ്ഞു. ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നതുവരെയുള്ള നടപടികൾ കമ്പ്യൂട്ടർവൽക്കരിക്കുകയും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ നിയമനങ്ങളിലുണ്ടായിരുന്ന കാലതാമസം ഗണ്യമായതോതിൽ കുറയ്ക്കാൻ കഴിഞ്ഞു. 2016 മെയ് മുതൽ ഇതുവരെ മുപ്പതിനായിരത്തോളം തസ്തികകൾ പുതുതായി സൃഷ്ടിച്ചു. നിയമനങ്ങൾ പി.എസ്.സി. മുഖേനയല്ലാതിരുന്ന വിവിധ ബോർഡുകൾ / കോർപ്പറേഷനുകൾ എന്നിവയിലെ നിയമനങ്ങൾ പി.എസ്.സിയ്ക്ക് വിടാൻ തീരുമാനിക്കുകയും സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. ഓരോ വകുപ്പിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിന് നിയമനാധികാരികൾക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള നടപടികളിലൂടെ പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾ സമയബന്ധിതമായി നടക്കുന്നുണ്ട്. ജനസംഖ്യാനുപാതികമായി കണക്കാക്കിയാൽ പി.എസ്.സി നിയമന കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാണ്. |
| (ബി) | 2011-16 കാലയളവിലെ സർക്കാരിന്റെ കാലത്ത് പി.എസ്.സി. വഴി ആകെ നൽകിയ നിയമനം എത്രയെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത കാലയളവിൽ പി എസ് സി മുഖേന **1,54,386 (ഒരു ലക്ഷത്തി അൻപത്തി നാലായിരത്തി** |

| | | | |
|---|---|---|---|
| | | | **മുന്നൂറ്റി എൺപത്തിയാറ്)** ഉദ്യോഗാർത്ഥികൾക്ക് പി എസ് സി മുഖേന നിയമന ശിപാർശ ചെയ്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ